ശ്രീ. ആർ. ശങ്കർ : ഒന്നുകൂടി അന്വേഷിക്കണമെന്ന ബഹുമാനപ്പെട്ട മെമ്പർക്ക് അഭിപ്രായമുണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : സർ, ഈ ഒന്ന രണ്ട് കാൺഗ്രസ് മണ്ഡലം കമ്മിറ്റിയിൽപ്പെട്ട ആളുകളെ ശ്രീകാര്യം, കഴക്കൂട്ടം മണ്ഡലം കമ്മിറ്റിയിൽ നിന്നും കാൺഗ്രസ് രസീതിന്മേൽ പണം പിരിച്ചു എന്നുള്ളതു രേഖാമൂലം ഗവണ്മെൻറിനു കിട്ടീട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി എടുത്തു?

ശ്രീ. ആർ. ശങ്കർ : എന്റെ കൈവശം അതിന്റെ റിക്കാർഡ്സ് ഒന്നുമില്ല. പ്രത്യേകമായിട്ട് ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. എസ്. കുമാരൻ : പരാതി അന്നു കിട്ടി എന്നു പറഞ്ഞു. ഇത്രയും കാലമായി അതേപ്പറ്റി അന്വേഷിച്ചു വിവരം അറിയാൻ എന്താണു തടസ്സം എന്നു വ്യക്തമാക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഒരു പ്രത്യേക കാര്യത്തെപ്പറ്റിയുള്ള അന്വേഷണം നീണ്ടുപോയി എന്നുള്ളതു മാത്രമേയുള്ളൂ. ഒരു കേസിനെപ്പറ്റി, അതു ശിക്ഷയിൽ വന്നിട്ടുണ്ട്.

ജില്ലാ വികസന സമിതികൾ.

* 818. [10] ശ്രീ. പി. കെ. അബ്ദുൽ കാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ വികസന സമിതികൾ പുനഃസംഘടിപ്പിക്കുന്നതിനു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇന്നുള്ള വികസനസമിതികൾ എന്നുമുതൽ ആരംഭിച്ചതാണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉദ്ദേശിക്കുന്നുണ്ടു്.

(ബി) 29-6-1960-ൽ ആണു് ഇന്നത്തെ ജില്ലാ വികസനസമിതികൾ നിലവിൽ വന്നതു്.

ശ്രീമതി കുസുമം : എന്നത്തേക്കാണു് ഈ സമിതികൾ പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : തീയതി നിശ്ചയിച്ചില്ല. അതിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണു്. 29-6-1963-ൽ കാലാവധി കഴിഞ്ഞിരിക്കുകയാണു്.

ശ്രീ. പി. വിശ്വംഭരൻ : ഇപ്പോൾ പഞ്ചായത്തു് യൂണിയൻ കൗൺസിലുകളും, ജില്ലാ പരിഷത്തും ഒക്കെ ഉണ്ടാക്കാൻ പോകുന്നതുകൊണ്ടു് അതിനുമുമ്പു് ഈ പുനഃസംഘടനയുടെ ആവശ്യമുണ്ടെന്നു കരുതുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതുകൂടി ആലോചിച്ചാണു് പെട്ടെന്നു ഒന്നും ചെയ്യാതെ വച്ചിരിക്കുന്നതു്.

ഒരാളുടെ ശരാശരി വരുമാനം

* 819. [11] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1951-ൽ തിരുവിതാംകൂർ-കൊച്ചി, മലബാറിലെ ജനസംഖ്യ എത്രയായിരുന്നു ;

(ബി) 1951-ൽ തിരുവിതാംകൂർ-കൊച്ചി, മലബാറിലെ ഒരാളുടെ ശരാശരി വരുമാനം എന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly